ഭരണഭാഷ മാതൃഭാഷ

നമ്പർ - WCD/D2/12563/20

വനിത ശിശു വികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി – 18.01.2021
E mail directorate.wcd@kerala.gov.in
Phone No. 0471 -2346534

<u>പരിപത്രം</u>

സർ,

വിഷയം – വനിത ശിശു വികസന ഡയറക്ടറേറ്റ് – ഡയറക്ടറുടെ കാര്യാലയം – കീഴ് കാര്യാലയങ്ങളിലേക്ക് സ്റ്റേഷനറി വകുപ്പിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ വിലയടിസ്ഥാനത്തിൽ വാങ്ങുന്നതിന് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന - തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളറുടെ 23.11.20 ലെ STY/1164/2020/F2 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള ശിശുവികസന പദ്ധതി ഓഫീസുകൾ ഉൾപ്പെടെയുള്ള കീഴ്കാര്യാലയങ്ങൾക്ക് സ്റ്റേഷനറി വകുപ്പിൽ നിന്നും വിലയടിസ്ഥാനത്തിൽ സ്റ്റേഷനറി സാധനങ്ങൾ കൈപ്പറ്റുന്നതിന് അതാത് ജില്ലാ/മേഖലാ സ്റ്റേഷനറി ഓഫീസുകളെ സമീപിക്കുവാനും GST സംബന്ധമായ സങ്കീർണ്ണതകൾ ഒഴിവാക്കാൻ ഇൻവോയിസ് തുക മുൻകൂർ ആയി ഒടുക്കി സ്റ്റേഷനറി സാധനങ്ങൾ വാങ്ങാവുന്നതാണെന്നും സൂചന പ്രകാരം അറിയിച്ചിരുന്നു.

ഈ സാഹചര്യത്തിൽ പദ്ധതി ഇതര ശീർഷകത്തിൽ നിന്ന് ഫണ്ട് ഉപയോഗിച്ച് സ്റ്റേഷനറി വകുപ്പിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ സൗജന്യമായി കൈപ്പറ്റുന്ന ജില്ലാ വനിത ശിശുവികസന ഓഫീസുകൾ, വനിത സംരക്ഷണ ഓഫീസുകൾ വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള എല്ലാ ഐ.സി.ഡി.എസ് പ്രോജക്ടുകൾ, ജില്ലാതല ഐസിഡിഎസ് പ്രോജക്ടുകൾ എന്നീ സ്ഥാപനങ്ങൾ 2235 – 02 – 102 – 47 (P)05 – 0E – 4 – other items എന്ന ശീർഷകത്തിൽ നിന്നും അഡ്വാൻസ് തുക മാറാവുന്നതും സ്റ്റേഷനറി വകുപ്പിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ വിലയടിസ്ഥാനത്തിൽ വാങ്ങാവുന്നതുമാണ്. സംശയങ്ങൾക്ക് സ്റ്റേഷനറി കൺട്രോളറുടെ കാര്യാലയത്തിലെ 0471 – 2785909 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**